**"ഭരണഭാഷ- മാതൃഭാഷ"**

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ - ഭരണപരമായ സൗകര്യത്തിനായി തസ്തികകൾ പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(കൈ) നം.10/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/01/2020

---

പരാമർശം:- 1 സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ് മെന്റ് തയ്യാറാക്കിയ പഠന റിപ്പോർട്ട്.

2 23.01.19-ൽ ചേർന്ന കിലയുടെ ജനറൽ കൗൺസിൽ തീരുമാനം.

3 കില ഡയറക്ടറുടെ 01.07.19-ലെ കില/2019/101/4329/HQ നമ്പർ കത്ത്.

**ഉത്തരവ്**

കിലയുടെ പുതിയ സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ് മെന്റ് (സി.എം.ഡി.) തയ്യാറാക്കിയ പഠനറിപ്പോർട്ട് പ്രകാരം നിലവിലുള്ള തസ്തികകൾ പുനർനാമകരണം ചെയ്യുന്നതിന് ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജോലിയുടെ സ്വഭാവം, ചുമതലകൾ, തസ്തികകളുടെ എണ്ണം, അനുപാതം, ശമ്പളസ്കെയിൽ തുടങ്ങിയവയിൽ മാറ്റമില്ലാതെ ഭരണപരമായ സൗകര്യത്തിനായി കിലയിലെ 14 തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്യുന്നതിന് പരാമർശം (3) പ്രകാരം കില ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയുടെ പുതിയ സ്റ്റാഫ് പാറ്റേൺ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജമെന്റ് ഡവലപ് മെന്റ് (CMD) നടത്തിയ പഠന റിപ്പോർട്ടിൽ തസ്തികകൾ പുനർനാമകരണം ചെയ്യുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതിനാലും 23.01.19-ൽ ചേർന്ന കിലയുടെ ജനറൽ കൗൺസിൽ തസ്തികകൾ പുനർനാമകരണം ചെയ്യുന്നതിന് അംഗീകാരം നല്കിയിട്ടുള്ളതിനാലും ജോലിയുടെ സ്വഭാവം, ചുമതല, തസ്തികകളുടെ എണ്ണം, അനുപാതം, ശമ്പള സ്കെയിൽ തുടങ്ങിയവയിൽ മാറ്റമില്ലാത്തതിനാലും കില ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, ചുവടെ ചേർത്തിരിക്കുന്ന പ്രകാരം കിലയിലെ തസ്തികകൾ പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | നിലവിലെ തസ്തിക | എണ്ണം | പുതുക്കിയ തസ്തിക | എണ്ണം |
|---|---|---|---|---|
| 1 | ഡയറക്ടർ, കില | 1 | ഡയറക്ടർ ജനറൽ | 1 |
| 2 | റീജിയണൽ ഡയറക്ടർ, കൊട്ടാരക്കര | 1 | ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര | 1 |

| | | | | |
|---|---|---|---|---|
| 3 | ഫാക്കൽറ്റി ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ | 1 | അസിസ്റ്റന്റ് പ്രൊഫസർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ | 1 |
| 4 | അസ്സോസിയേറ്റ് പ്രൊഫസർ, റൂറൽ ഡെവലപ് മെന്റ് | 1 | പ്രൊഫസർ, അർബൻ പ്ലാനിംഗ് | 1 |
| 5 | അസിസ്റ്റന്റ് പ്രൊഫസർ | 3 | അസ്സോസിയേറ്റ് പ്രൊഫസർ, ലോക്കൽ പ്ലാനിംഗ് മാനേജ്മെന്റ് & ഡെവലപ് മെന്റ് | 1 |
| | | | അസ്സോസിയേറ്റ് പ്രൊഫസർ, പബ്ലിക്/ലോക്കൽ അഡ്മിനിസ്ട്രേഷൻ | 1 |
| | | | അസ്സോസിയേറ്റ് പ്രൊഫസർ, പഞ്ചായത്ത് രാജ് | 1 |
| 6 | ഫാക്കൽറ്റി ഇൻ സോഷ്യോളജി / സോഷ്യൽ ജസ്റ്റീസ് | 1 | അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി / സോഷ്യൽ ജസ്റ്റീസ് | 1 |
| | ഫാക്കൽറ്റി ഇൻ മാനേജ്മെന്റ് | 1 | അസിസ്റ്റന്റ് പ്രൊഫസർ, മാനേജ്മെന്റ് | 1 |
| 7 | ഫാക്കൽറ്റി ഇൻ റൂറൽ ഡെവലപ് മെന്റ് | 1 | ലക്ചറർ – റൂറൽ എക്കണോമിക്സ് / ലൈവ് ലിഹുഡ് ആൻഡ് സ്കിൽസ് | 1 |
| | ഫാക്കൽറ്റി ഇൻ റൂറൽ എക്കണോമിക്സ് | 1 | ലക്ചറർ – റൂറൽ എക്കണോമിക്സ് / ലൈവ് ലിഹുഡ് ആൻഡ് സ്കിൽസ് | 1 |
| | ഫാക്കൽറ്റി ഇൻ ഐ.റ്റി. | 1 | ലക്ചറർ – ഇൻഫർമേഷൻ ടെക്നോളജി | 1 |
| | ഫാക്കൽറ്റി ഇൻ വിമൻ & ചൈൽഡ് ഡെവലപ് മെന്റ് | 1 | ലക്ചറർ, ജെണ്ടർ സ്റ്റഡീസ് / വിമൻ & ചൈൽഡ് ഡെവലപ് മെന്റ് | 1 |
| 8 | സെക്ഷൻ ഓഫീസർ | 1 | അസിസ്റ്റന്റ് ഡയറക്ടർ / അസിസ്റ്റന്റ് രജിസ്ട്രാർ | 3 |
| | ഓഫീസ് മാനേജർ | 1 | | |
| | അസിസ്റ്റന്റ് ഡയറക്ടർ | 1 | | |
| 9 | പി.എസ്. ടു ഡയറക്ടർ | 1 | പി.എസ്. ടു ഡയറക്ടർ ജനറൽ | 1 |
| 10 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, സി.എച്ച്.ആർ.ഡി., കൊട്ടാരക്കര | 1 | പി.എസ്. ടു ഡയറക്ടർ | 1 |
| 11 | ക്ലാർക്ക് | 9 | അസിസ്റ്റന്റ് ഗ്രേഡ് II/ഗ്രേഡ് I സീനിയർ ഗ്രേഡ് / സെലക്ഷൻ ഗ്രേഡ് | 12 |
| | അസിസ്റ്റന്റ് ഗ്രേഡ് I | 1 | | |

| | | | | |
|---|---|---|---|---|
| | അസിസ്റ്റന്റ് ഗ്രേഡ്II | 2 | | |
| 12 | എൽ.ഡി. ടൈപ്പിസ്റ്റ് / ട്രെയിനിങ് കോ-ഓർഡിനേറ്റർ | 1 | ട്രെയിനിങ് കോ-ഓർഡിനേറ്റർ | 1 |
| 13 | ഖലാസി, ഓഫീസ് അസിസ്റ്റന്റ്, വാച്ച്മാൻ | 15 | മൾട്ടി ടാസ്ക് വർക്കർ | 15 |
| 14 | പ്ലംബർ | 1 | പ്ലംബർ കം ക്യാമ്പസ് അസിസ്റ്റന്റ് | 1 |

3) മേൽ പ്രകാരമുള്ള പുനർനാമകരണം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

i. നിലവിലുള്ള തസ്തികകളുടെ പുനർ നാമകരണത്തോടനുബന്ധിച്ച് ശമ്പള സ്കെയിലിൽ മാറ്റമോ അധിക ആനുകൂല്യങ്ങളോ അനുവദനീയമല്ല.

ii. പുതിയ ശമ്പള പരിഷ്കരണങ്ങൾ നിലവിൽ വരുമ്പോൾ നിലവിലുള്ള ശമ്പള സ്കെയിലിന് ആനുപാതികമല്ലാത്ത ശമ്പള സ്കെയിലോ മറ്റ് വകുപ്പുകളിലോ സ്ഥാപനങ്ങളിലോ സമാനമായ പേരിലുള്ള തസ്തികകൾക്ക് അനുവദിച്ചിട്ടുള്ള ഉയർന്ന ശമ്പള സ്കെയിലോ ക്ലെയിം ചെയ്യാൻ പാടില്ല.

iii. നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിലോ അനുപാതത്തിലോ മാറ്റം വരുത്താൻ പാടില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), തൃശ്ശൂർ.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.